(ബി) മൂന്നാം ശമ്പളക്കമ്മിഷൻ റിപ്പോർട്ടിൻമേൽ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലുള്ളവർക്ക് കിട്ടിക്കൊണ്ടിരുന്ന സ്പെഷ്യൽ പേയ്ക്ക് മാറ്റമൊന്നും ഉണ്ടായിട്ടില്ല.

ശമ്പള പരിഷ്കാരമനുസരിച്ചുള്ള പുതിയ സ്കെയിൽ, ക്ഷാമബത്തയുടെ ഒരുഭാഗം അതായത് വിലസൂചിക 272 പോയിന്റുവരെ അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ചുകൊണ്ടുള്ളതാണ്. ആയതിനാൽ 1.7.1978 മുതൽ ക്ഷാമബത്തയുടെ പുതുക്കിയ നിരക്ക് താഴെകാണിക്കുന്ന പ്രകാരത്തിലാണ്;

(1) 400 രൂ. വരെ ശമ്പളത്തിന്റെ 15 ശതമാനം.

(2) 401 രൂ. മുതൽ 1,000 രൂ. വരെ ശമ്പളത്തിന്റെ 12 ശതമാനം കുറഞ്ഞത് 60 രൂ.

(3) 1,001 രൂ. മുതൽ 2,250 രൂ. വരെ 120 രൂ. എന്നാൽ ശമ്പളവും ക്ഷാമബത്തയുംകൂടി 2,400 രൂ. യിൽ കവിയാൻ പാടില്ല.

(സി) ക്ഷാമബത്തയുടെ ഒരു ഭാഗം അതായത് വിലസൂചിക 272 പോയിന്റുവരെ അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ചതിനാൽ, 1.7.1978 മുതൽ ക്ഷാമബത്തയുടെ നിരക്കിൽ മേൽക്കാണിച്ചപ്രകാരം കുറവു വന്നിട്ടുണ്ട്. ആയതിനാൽ സ്പെഷ്യൽ പേയും അതിന്റെ ക്ഷാമബത്തയും കൂടി 1.7.1978നു മുൻപ് കിട്ടിക്കൊണ്ടിരുന്നതുമായി താരതമ്യപ്പെടുത്തിയാൽ ഇപ്പോഴും കിട്ടിക്കൊണ്ടിരിക്കുന്ന സ്പെഷ്യൽ പേയ്ക്കുള്ള ക്ഷാമബത്തയിൽ കുറവുള്ളതായി കാണാം. എന്നിരുന്നാലും ശമ്പളപരിഷ്കാരം കൊണ്ടുള്ള വർദ്ധനവ് മൊത്തത്തിൽ കണക്കാക്കുമ്പോൾ ഈ കുറവ് നാമമാത്രമാണ്. എന്നാൽ പൊതുഭരണ (അക്കൗണ്ട്സ്) വകുപ്പിൽനിന്നും ശമ്പളം എഴുതികൊടുക്കുന്ന നോൺ ഗസറ്റഡ് ആഫീസർമാരെ സംബന്ധിച്ചിടത്തോളം പുതിയ ശമ്പള സ്കെയിൽ സ്വീകരിച്ചതുകൊണ്ട് ശമ്പള പരിഷ്കാരത്തിനു മുമ്പ് കിട്ടിക്കൊണ്ടിരുന്ന തുകയേക്കാൾ ഇപ്പോൾ കിട്ടുന്ന തുകക്ക് കുറവു വന്നതായി കാണുന്നില്ല. ഇതുതന്നെയാവും ഗസറ്റഡ് ഉദ്യോഗസ്ഥൻമാരുടെ കാര്യത്തിലും.

(ഡി) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ മന്ത്രിമാർ നേരിട്ട് നിയമിക്കുന്നവരും സർക്കാർ സർവ്വീസിൽനിന്നു നിയമിക്കുന്നവരും കമ്പനികൾ/കോർപ്പറേഷൻ/ബോർഡ് തുടങ്ങിയ സ്വയംഭരണസ്ഥാപനങ്ങളിൽനിന്നും നിയമിക്കുന്നവരും ജോലി ചെയ്യുന്നു. ഇതിൽ അവസാനം പറഞ്ഞ വിഭാഗത്തിൽപ്പെടുന്നവർക്കുമാത്രമേ സെപ്യൂട്ടേഷൻ അലവൻസ് കൊടുക്കുന്നുള്ളൂ. അത് മറ്റു വിഭാഗത്തിൽപ്പെടുന്നവർക്ക് കൊടുക്കാൻ സാദ്ധ്യമല്ല.

സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനം

1135 [1813] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യൽ റിക്രൂട്ട്മെന്റ് അനുസരിച്ച് ഇതിനകം എത്ര ഗസറ്റഡ് ആഫീസർമാരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിലുള്ള ഉത്തരവിൽ ഒരു ശതമാനം ഗസറ്റഡ് ആഫീസർമാരെ നിയമിക്കുന്ന വ്യവസ്ഥ പുനഃപരിശോധിച്ച്, അത് അഞ്ചു ശതമാനമായി ഉയർത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി നിയമനം നടത്തുന്നതിനു ഇതുവരെയായി 373 ഗസറ്റഡ് പോസ്റ്റുകളും സംവരണം ചെയ്തിട്ടുള്ളതിൽ 1-8-1977 വരെ 164 തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

(ബി) റവന്യു കമ്മിറ്റിയിൽ ചർച്ച ചെയ്തശേഷം തീരുമാനിക്കേണ്ട കാര്യമാണിത്.

ട്രഷറി വകുപ്പിലെ സ്റ്റേറ്റ് യൂണിറ്റ് സിസ്റ്റം

1136 [1814] ശ്രീ. ചടയൻ ഗോവിന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ട്രഷറി വകുപ്പിലെ യൂണിറ്റ് സിസ്റ്റം മാറ്റി സ്റ്റേറ്റ് യൂണിറ്റ് സിസ്റ്റം അംഗീകരിക്കണമെന്ന നിർദ്ദേശത്തെപ്പറ്റി സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) ഇതിൻമേലുള്ള സർക്കാരിന്റെ നിർദ്ദേശങ്ങളും സംഘടനകൾക്ക് നൽകിക്കൊണ്ട് അവരുമായി ഇനിയെങ്കിലും ചർച്ച നടത്തുമോ ?

ഉത്തരം

(എ) നടത്തിയിട്ടില്ല.

(ബി) അതിന്റെ ആവശ്യമുണ്ടെന്നു തോന്നിയില്ല.

(സി) ഇതിന്റെയും ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയില്ലെന്ന പരാതി

1136 [1815] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പൊതുമരാമത്തു വകുപ്പിൽ നിലവിലിരുന്ന യൂണിറ്റ് സിസ്റ്റം നിറുത്തലാക്കിയപ്പോഴും ഹെൽത്ത് സർവ്വീസ് വകുപ്പിലെ ചില തസ്തികകൾ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലേക്കു മാറ്റിയപ്പോഴും സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സർവ്വീസ് സംഘടനകളുടെ ഈ ആവശ്യം പരിഗണിക്കുകയുണ്ടായോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ഈ കാര്യത്തിൻമേൽ ജീവനക്കാർ കോടതിയെ സമീപിച്ചിട്ടുണ്ടോ ;

(ഇ) കോടതിയെ സമീപിക്കേണ്ടിവന്ന സാഹചര്യം ഒഴിവാക്കാൻ നടപടികളെന്തെങ്കിലും സ്വീകരിച്ചുവോ ?

LIBRARY ARCHIVES Kerala Legislative Assembly